ALL SAINTS COLLEGE LIBRARY TRIVANDRUM

(Pages : 3) **E – 4476**

Reg. No. : .....

Name : .....

Second Semester B.A./B.Sc./B.Com. Degree Examination, August 2018
(Career Related First Degree Programme Under CBCSS)
Group 2(a)
Language Course – II
ML 1211.3 : ദൃശ്യകലാസാഹിത്യം
(2014 Admn. Onwards)

Time : 3 Hours Max. Marks : 80

I. **എല്ലാ** ചോദ്യത്തിനും **രണ്ടു** വാക്യത്തിൽ ഉത്തരമെഴുതുക.

1) 'ഉയരുന്ന യവനിക' എന്ന നാടക പഠനഗ്രന്ഥം എഴുതിയത് ?

2) നിർമ്മാല്യം എന്ന ചലച്ചിത്രത്തിന് ആധാരമായ കഥ.

3) നളചരിതത്തിന് എ. ആർ. രാജരാജവർമ്മ എഴുതിയ വ്യാഖ്യാനത്തിന്റെ പേര് എന്ത് ?

4) കടവ് എന്ന സിനിമയ്ക്ക് ആധാരമായ 'കടവുതോണി' എന്ന കഥ രചിച്ചത് ?

5) നിർമ്മാല്യം എന്ന ചലച്ചിത്രം സംവിധാനം ചെയ്തത് ?

6) തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ?

7) മലയാളത്തിലെ ആദ്യസോദ്ദേശ്യ സാമൂഹിക നാടകം എന്ന് സി. ജെ. വിശേഷിപ്പിക്കുന്നത്.

8) യുനസ്കോയുടെ പൈതൃകപ്പട്ടികയിലുൾപ്പെട്ട കേരളത്തിലെ ക്ലാസിക്കൽ കലാരൂപം.

9) കഥകളിയുടെ പ്രാചീനരൂപമായ രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ?

10) നളചരിതത്തിന് ജോസഫ് മുണ്ടശ്ശേരി നൽകുന്ന വിശേഷണം എന്ത് ? **(10×1=10 മാർക്ക്)**

All Saints' College Trivandrum

P.T.O.

II. ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് **ഒരു** ഖണ്ഡികയിൽ ഉത്തരമെഴുതുക.

11) ''നീചത്വം വിട്ടൗചിത്യം ഞാ –
നാശുത്വം പുണ്ടാചരിപ്പൻ''. ആരാണിങ്ങനെ പറയുന്നത് ? സന്ദർഭം എന്ത് ?

12) ''മരത്തിനിടയിൽ കാണാമേ സു –
ന്ദരത്തിനുടെ സാദൃശ്യേയം'' – ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?

13) പ്രാണരക്ഷണത്തിനൊന്നില്ല ! പ്രത്യുപകാരം – ഇങ്ങനെ പറയാൻ കാരണമെന്ത് ?

14) ആട്ടക്കഥ, കഥകളി എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത് ?

15) അവൻ വീണ്ടും വരുന്നു ! നിങ്ങളുടെ വിളക്കുകളിൽ എണ്ണയൊഴിച്ച് കാത്തിരിപ്പിൻ : – ഉപദേശിയുടെ ഈ വാക്കുകൾ 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിൽ എത്രമാത്രം പ്രസക്തമാകുന്നു ?

16) ''രാജിയാണ് ജീവിതത്തിന്റെ വിജയരഹസ്യം. പുല്ലുകളെ നോക്കുക കൊടുങ്കാറ്റടിക്കുമ്പോൾ അവ വളഞ്ഞു കൊടുക്കുന്നു. ഒടിയുന്നതുമില്ല'' സന്ദർഭം എന്ത് ?

17) ''താഴ്ന്നവന്റെ സന്മാർഗക്രമത്തിനുമുണ്ട് വ്യത്യാസം അവന് വേറൊരു നിയമമാണ് '' – ഇങ്ങനെ പറയാൻ കാരണമെന്ത് ?

18) പുഴയും തോണിയും മനുഷ്യജീവിതത്തിന്റെ ബിംബങ്ങളാണ്. കടവ് എന്ന തിരക്കഥയെ മുൻനിർത്തി പരിശോധിക്കുക.

19) തിരക്കഥ എന്നാലെന്ത് ?

20) മുകളിലെ നക്ഷത്രങ്ങൾ പ്രതിഫലിക്കുന്ന പുഴ. കെട്ടുകുറ്റിയിൽ നിന്ന് രക്ഷപ്പെട്ട തോണി അവനെയും കൊണ്ട് നീങ്ങുന്നു. അകലേക്ക് അകലേക്ക്.. – ഈ സന്ദർഭം കടവ് എന്ന ചലച്ചിത്രത്തിന് അനാദ്യശോഭ പകരുന്നു. ചർച്ച ചെയ്യുക.

21) ''രണ്ടുനാലെങ്കിലും കൊണ്ടുവന്നീടണം
ഉണ്ടു കനിവെങ്കിൽ വേണ്ടുവോളം'' – എന്താണ് സന്ദർഭം ?

22) സൗഗന്ധികപുഷ്പം തേടിപോയ ഭീമന് വനം എങ്ങനെയാണ് അനുഭവപ്പെട്ടത് ?

(8×2=16 മാർക്ക്)

All Saints' College Trivandrum

III. ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് **നൂറ്റി ഇരുപതു** വാക്കിൽ ലഘു ഉപന്യാസം തയ്യാറാക്കുക.

23) രണ്ടാംലോകയുദ്ധത്തിന്റെ പശ്ചാത്തലം സാധാരണ മനുഷ്യന്റെ ജീവിതത്തെപ്പോലും ആഴത്തിൽ പരിക്കേൽപ്പിച്ചിട്ടുണ്ട് – സി.ജെ.യുടെ നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

24) സാഹചര്യങ്ങളെ സമചിത്തതയോടെ നേരിടുന്ന കഥാപാത്രമാണ് അവൻ വീണ്ടും വരുന്നു എന്ന നാടകത്തിലെ മാത്തുക്കുട്ടി – ചർച്ച ചെയ്യുക.

25) മന്ദഗതിയിൽ പുരോഗമിക്കുന്ന സംഭവങ്ങളാണ് 'കടവ്' എന്ന ചലച്ചിത്രത്തെ വ്യത്യസ്തമാക്കുന്നത് – തിരക്കഥയെ മുൻനിർത്തി പരിശോധിക്കുക.

26) എം. ടി. യുടെ സാഹിത്യജീവിതം തിരക്കഥാരചനയെ സ്വാധീനിച്ചിട്ടുണ്ടോ ? ചർച്ച ചെയ്യുക.

27) നളചരിതത്തിലെ കാട്ടാളൻ എന്ന കഥാപാത്രത്തിന്റെ നയങ്ങൾ ഒരു നാഗരികന്റേതിന് സമാനമാണ് – വിമർശിക്കുക.

28) കൊടുംവനത്തിലെ ദമയന്തിയുടെ സാന്നിധ്യം കാട്ടാളനിലുണ്ടാക്കിയ മനോവിചാരങ്ങൾ എന്തെല്ലാം ?

29) നളചരിതം ആട്ടക്കഥ അങ്ങേയറ്റം നാടകീയത പുലർത്തുന്നു. പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

30) ഗന്ധമാദനപർവ്വതത്തിന്റെ വർണ്ണന എങ്ങനെയാണ് ?

31) ഗന്ധമാദന പർവ്വതത്തിലേക്ക് പ്രവേശിച്ച ഭീമന്റെ പ്രകടനം എങ്ങനെയായിരുന്നു ?

(6×4=24 മാർക്ക്)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) ഭാഷാശൈലിയും നാടകീയതയുമാണ് ഉണ്ണായിവാര്യരുടെ ആട്ടക്കഥയെ വ്യത്യസ്തമാക്കുന്നത് – പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

33) അപ്രതീക്ഷിതമായി സംഭവിക്കുന്ന മനുഷ്യജീവിത ദുരന്തങ്ങളാണ് സി. ജെ.യുടെ നാടകങ്ങളുടെ പ്രമേയം – അവൻ വീണ്ടും വരുന്നു എന്ന നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

34) എം. ടി. യുടെ തിരക്കഥകളുടെ സവിശേഷതകൾ എന്തെല്ലാം ? കടവ് എന്ന തിരക്കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

35) കുഞ്ചൻ നമ്പ്യാരുടെ വർണ്ണനാപാടവത്തിനും പദസമ്പന്നതയ്ക്കും ഉത്തമ നിദർശനമാണ് കല്യാണസൗഗന്ധികം തുള്ളൽ. വിലയിരുത്തുക. **(2×15=30 മാർക്ക്)**

All Saints' College Trivandrum